കൈതക്കൊല്ലി പാലം

1392. [1983] [ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി-കൂരാച്ചുണ്ട് റോഡിലെ കൈതക്കൊല്ലി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞുവോ ;

(ബി) എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഈ പാലത്തിന്റെ പണി എപ്പോൾ തുടങ്ങും ?

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്.

(ബി) ഇല്ല.

(സി) സാങ്കേതികവും ഭരണപരവുമായ മറ്റു നടപടികൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനാൽ പണി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

കോട്ടപ്പുറം പാലം-ചേറ്റുവാപ്പാലം എന്നിവയുടെ പണി

1393. [1984] [ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ ഹൈവേ 17-ലെ കോട്ടപ്പുറം പാലം ചേറ്റുവാപ്പാലം എന്നിവ എന്നത്തേക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കും ?

ഉത്തരം

കോട്ടപ്പുറം പാലം 1986 ഫെബ്രുവരി മാസത്തോടെ ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ചേറ്റുവാപ്പാലത്തിന്റെ അപ്രോച്ചുകളുടെ ടെണ്ടർ അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. അത് കിട്ടിയശേഷം പണി തുടങ്ങി 12 മാസത്തിനുള്ളിൽ അപ്രോച്ചു റോഡു പൂർത്തിയാക്കി പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്ന് കരുതുന്നു.

കാസർഗോഡ് ജില്ലയിൽ കെ. എഫ്. സി. യുടെ ബ്രാഞ്ച് ഓഫീസ് സംബന്ധിച്ച്

1394. [1988] [ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിലവിൽവന്ന കാസറഗോഡ് ജില്ലയിൽ കെ. എഫ്. സി. യുടെ ബ്രാഞ്ച് ഓഫീസ് തുറക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ തുറക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ, ബി) കാസറഗോഡ് ജില്ലയിൽ കെ. എഫ്. സി. യുടെ ബ്രാഞ്ച് ഓഫീസ് തുറക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly